(ബി) കേരള പോലീസ് നടപടിക്രമങ്ങൾ നോട്ടിഫൈഡ് റൂൾ ആകയാൽ അത് ലംഘിച്ച് സല്യൂട്ട് ചെയ്ത ഒല്ലൂർ എസ്.ഐ.-ക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) സെക്രട്ടേറിയറ്റിലെ ജി.എ.ഡി. വിഭാഗത്തിലെ ഫയലുകൾ തീപിടിച്ച് നശിച്ച കേസ് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേരള പോലീസ് മാന്വലിലെ വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതുപോലെ പ്രസ്തുത മാന്വലിലെ സല്യൂട്ട് സംബന്ധിച്ചുള്ള വകുപ്പിന്റെ ലംഘനം ബോധപൂർവ്വം നടത്തിയതിന് പ്രസ്തുത എം.പി.-ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

(ബി&സി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) നോട്ടിഫൈഡ് റൂളായ പോലീസ് മാന്വൽ/പോലീസ് സ്റ്റാൻഡിംഗ് ഓർഡേഴ്സിന്റെ ലംഘനങ്ങൾ തടയുവാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ പോലീസ് മേധാവി മുഖേന നൽകുന്നതാണ്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

95 (95) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി നൽകിയിരിക്കുന്നു.*

ആലത്തൂർ താലൂക്കിലെ സ്കൂളുകളിൽ എസ്.പി.സി.

96 (96) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ മംഗളംഡാം, വടക്കഞ്ചേരി, ആലത്തൂർ, കുഴൽമന്ദം പോലീസ് സ്റ്റേഷൻ പരിധിയിലെ എത്ര സ്കൂളുകളിൽ എസ്.പി.സി. നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂളുകളിൽനിന്നും എസ്.പി.സി. ആരംഭിക്കുന്നതിനുവേണ്ടി എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി നൽകിയിരിക്കുന്നു.*

കാസർഗോഡ് എം.പി.-ക്കെതിരെയുള്ള ആക്രമണ ശ്രമം

97 (97) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എം.പി.-യെ ടെയിനിൽവച്ച് ആക്രമിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എം.പി. പരാതി നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ബഹുമാനപ്പെട്ട എം.പി. ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 11-8-2021 ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 763/2021 U/s 120(ബി), 307 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിനാസ്പദമായ സംഭവസ്ഥലം കാസർഗോഡ് റെയിൽവേ പോലീസ് സ്റ്റേഷൻ പരിധിയിൽ ആയതിനാലും ടി സംഭവത്തിന് കാസർഗോഡ് റെയിൽവേ പോലീസ് സ്റ്റേഷനിൽ 8-8-2021-ലെ ക്രൈം നം. 14/2021 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതിനാലും ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് ക്രൈം നം. 14/2021-ൽ ക്ലബ് ചെയ്ത് U/s 294(ബി) 506 120(ബി) 307 r/w 34 IPC ആയി റെയിൽവേ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു.

(ഡി) ആരൊക്കെയാണ് പ്രതികൾ; പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

1) പത്മരാജ് കെ., 2)അനിൽകുമാർ ടി. വി, 3) ഭവിൻരാജ് എന്നിവരാണ് ടി കേസിലെ പ്രതികൾ. ഇതിൽ ഒന്നും രണ്ടും പ്രതികളെ ക്രൈം നമ്പർ 14/2021 U/s 294(ബി), 506 r/w 34 IPC കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ളതും സ്റ്റേഷൻ ജാമ്യത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly